# ആരോഗ്യ കേരളം

newsletter

1 June 2026

Follow us on

arogyakeralam.gov.in





**ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രിയായി ശ്രീ കെ മുരളീധരൻ ചുമതലയേറ്റു.**




## മഹാശുചീകരണ യജ്ഞത്തിന്

# 'തുടക്കം'



തിരുവനന്തപുരം: മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ ശുചിയാക്കുന്നതിനുള്ള 'തുടക്കം' മഹാശുചീകരണ യജ്ഞത്തിന് തുടക്കമായി. ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബഹു. ആരോഗ്യവകുപ്പ് മന്ത്രി കെ.മുരളീധരൻ നിർവഹിച്ചു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്ന ശുചീകരണ ബോധവത്കരണ പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങൾ കൂടി ശുചീകരിക്കുന്നതിനായാണ് ക്യാമ്പയിൻ ആരംഭിച്ചത്. ജനകീയാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ആരോഗ്യസ്ഥാപനങ്ങളും ഈ ക്യാമ്പയിനിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമാകണം എന്ന് മന്ത്രി അഭ്യർത്ഥിച്ചു. എം.എൽ.എ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കൗൺസിലർ, ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയവർ പങ്കെടുത്തു

കേരളത്തിന്റെ ആരോഗ്യവകുപ്പ് അനാരോഗ്യവകുപ്പാകാതിരിക്കാൻ

# കാവലായി ഉണ്ടാകും: മന്ത്രി കെ മുരളീധരൻ



തിരുവനന്തപുരം: കേരളത്തിലെ പുതിയ ആരോഗ്യമന്ത്രിയായി കെ മുരളീധരൻ ചുമതലയേറ്റ് ദിവസങ്ങൾ മാത്രം പിന്നിടുമ്പോൾ, ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്കും, വിപുലമായ മാറ്റങ്ങൾക്കുമാണ് ആരോഗ്യവകുപ്പ് സാക്ഷ്യം വഹിക്കുന്നത്. അതിന്റെ തുടക്കമെന്നോണം തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഒരു മാതൃകയാക്കിക്കൊണ്ട് മന്ത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ച വിപ്ലവകരമായ ചില പരിഷ്കാരങ്ങളെക്കുറിച്ച് അറിയാം.

### ഒ പി ടിക്കറ്റിനായി പുലർച്ചെ മുതലുള്ള നീണ്ടക്യൂ ഇനിയുണ്ടാകില്ല

ഒപി ടിക്കറ്റിനും, ടോക്കണിനും, ഡോക്ടറെ കാണാനുമായി മണിക്കൂറുകൾ പല ക്യൂവിൽ നിൽക്കുന്ന പഴയ സിസ്റ്റം പൊളിച്ചെഴുതി. എല്ലാം ഒരൊറ്റ ക്യൂവിലേക്ക് ചുരുക്കുന്നു.

### മുതിർന്നവർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക പരിഗണന

80 വയസ്സ് കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കുമായി പ്രയോറിറ്റി ക്യൂ. ഇവരെ സഹായിക്കാൻ പ്രത്യേക ജീവനക്കാരെയും ചുമതലപ്പെടുത്തി.

### രാത്രിയിൽ രോഗികളുടെ കൂട്ടിരിപ്പുകാർ ഇനി ഓടിതളരേണ്ടതില്ല.

രാത്രി 8 മണിക്ക് ശേഷം ഡോക്ടർമാർ എഴുതുന്ന ടെസ്റ്റുകളുടെ സാമ്പിൾ ശേഖരിക്കേണ്ടതും ടെസ്റ്റ് നടത്തേണ്ടതും ലാബുകാരുടെ ഉത്തരവാദിത്തമാണ്. രോഗിയുടെ ബന്ധുക്കൾ ലാബുകൾ തേടി നടക്കേണ്ടതില്ല.

### മരുന്ന് വാങ്ങാൻ രോഗി നേരിട്ട് വരണമെന്നില്ല

മാസം തോറും മരുന്ന് വാങ്ങാൻ രോഗികൾ തന്നെ വരണമെന്ന നിർബന്ധം ഒഴിവാക്കി. കൃത്യമായ കുറിപ്പടിയുമായി ബന്ധുക്കൾക്ക് എപ്പോൾ വേണമെങ്കിലും മരുന്ന് കൈപ്പറ്റാം.

### ഇനി ഒരു രോഗിയും നിലത്ത് കിടക്കില്ല

ശാസ്ത്രീയമായ ബെഡ് ട്രാക്കിംഗ് സിസ്റ്റം വഴി ഒഴിവുള്ള ബെഡുകൾ കണ്ടെത്തി രോഗികളെ പുനർവിന്യസിക്കുന്നു. കിടക്കകൾ വെറുതെയിടാൻ ഇനി അനുവദിക്കില്ല.

### കർശനമായ ശുചിത്വം

പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ സമഗ്ര ശുചിത്വ ദിനം നടപ്പിലാക്കി തുടങ്ങി. ഇതിനായി 'തുടക്കം' എന്ന പേരിൽ ആരംഭിച്ച കാമ്പയിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടക്കമായി. ഇതോടൊപ്പം സംസ്ഥാനത്തെ എല്ലാ ആരോഗ്യകേന്ദ്രങ്ങളും ശുചിയാക്കുന്ന പ്രവർത്തനവും നടത്തി വരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ മോഡൽ വിജയിച്ചതിനു ശേഷം ഇത് കേരളത്തിലെ എല്ലാ സർക്കാർ ആശുത്രികളിലേക്കും വ്യാപിപ്പിക്കും. ഇത്തരത്തിൽ സാധാരണക്കാരന്റെ ജീവനും, സമയത്തിനും കൂടുതൽ പ്രാധാന്യവും സുരക്ഷയും നൽകുന്ന തരത്തിൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകിക്കൊണ്ട് ആരോഗ്യമേഖലയുടെ സമഗ്രമായ വികസനമാണ് ലക്ഷ്യമിടുന്നത്.







മഴക്കാലപൂർവ്വ രോഗ പ്രതിരോധ മുന്നൊരുക്ക പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം.

മന്ത്രി കെ. മുരളീധരന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

# മഴക്കാലപൂർവ രോഗ പ്രതിരോധ മുന്നൊരുക്കങ്ങൾ ശക്തമാക്കും



തിരുവനന്തപുരം: മഴക്കാല രോഗ പ്രതിരോധ മുന്നൊരുക്കങ്ങൾ ശക്തമാക്കാൻ ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ നിർദേശം നൽകി. മഴക്കാലപൂർവ രോഗ പ്രതിരോധ മുന്നൊരുക്കങ്ങളുടെ ഭാഗമായുള്ള ഉന്നതതലയോഗത്തിലാണ് നിർദ്ദേശം നൽകിയത്. പകർച്ചവ്യാധി വ്യാപനം ഉണ്ടായാൽ രോഗികൾക്ക് മതിയായ ചികിത്സ ലഭ്യമാക്കാൻ ആവശ്യമായ സംവിധാങ്ങളൊരുക്കാനും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താനും അടിയന്തിര പ്രാധാന്യം നൽകാൻ നിർദ്ദേശിച്ചു.

മുൻപ് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കണം. തദ്ദേശ സ്ഥാപന, വാർഡ് തലങ്ങളിൽ ഇവ പരിശോധിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കണം. പ്രദേശങ്ങളിൽ ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിക്കാനും അവബോധം ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

ഡെങ്കിപ്പനി നിയന്ത്രണത്തിന് വീടുകൾക്കുള്ളിൽ സ്പ്രേ ചെയ്യാനാവശ്യമായ മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്താൻ സിവിൽ സപ്ലൈസ് വകുപ്പുമായി ഏകോപനം നടത്തണം. വീടിനു ചുറ്റും മഴവെള്ളം കെട്ടി നിൽക്കുന്നത് തടയാനും വീട്ടിനുള്ളിലെ ചെടിച്ചട്ടികൾ, നിർമ്മാണം നടക്കുന്ന കെട്ടിടങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ശുദ്ധജലം കെട്ടിനിൽക്കുന്നില്ല എന്നുറപ്പാക്കാനും നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ വിതരണ സ്ഥാപനങ്ങളിലെ പരിശോധനകൾ ശക്തമാക്കണം. ജ്യൂസ് തയ്യാറാക്കാൻ ഉപയോഗിക്കുന്ന ഐസ്, വെള്ളം എന്നിവ സുരക്ഷിതമാണെന്ന് ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് പരിശോധനകൾ കർശനമാക്കണം.

അമീബിക് മസ്തിഷ്ക ജ്വരം തടയാൻ റിസോർട്ടുകളിലുൾപ്പെടെയുള്ള നീന്തൽക്കുളങ്ങളിലെയും, നീന്തൽ പരിശീലന കേന്ദ്രങ്ങളിലെയും വെള്ളം ക്ലോറിനേഷൻ നടത്താൻ നടപടി സ്വീകരിക്കണം. കുളങ്ങളിൽ മുങ്ങിക്കുളിക്കുന്നവർ കുളത്തിലേക്ക് ചാടുമ്പോഴും മുങ്ങുമ്പോഴും മൂക്ക് അടച്ച് പിടിക്കാൻ ശ്രദ്ധിക്കുന്നത് സംബന്ധിച്ചും ബോധവത്ക്കരണം നടത്തണം. വീടുകളിലെ കിണറുകൾ, ഓവർ ഹെഡ് ടാങ്കുകൾ എന്നിവ കൃത്യമായി ക്ലോറിനേറ്റ് ചെയ്യണം.

മലിന ജലവുമായി കൂടുതൽ സമ്പർക്കമുള്ള തൊഴിൽ ചെയ്യുന്നവർ തൊഴിലിനിറങ്ങുന്നതിനു മുമ്പ് എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സി സൈക്ലിൻ കഴിക്കണം. കുടിവെള്ള വിതരണ ശൃഖലകളിൽ കുടിവെള്ളം കൃത്യമായി അണുനശീകരണം നടത്താൻ ജലവിഭവ വകുപ്പ്, ജലനിധി എന്നിവയുമായി ചേർന്ന് നടപടിയെടുക്കണം.

അതിഥി തൊഴിലാളികളിൽ മലമ്പനി കണ്ടെത്തിയാൽ അടിയന്തിരമായി ചികിത്സ നൽകുകയും രോഗ വ്യാപനം തടയാൻ വേണ്ട പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ നടത്തി എല്ലാവരെയും സ്ക്രീൻ ചെയ്യുന്നുവെന്ന് ഉറപ്പാക്കണം. തൊഴിൽ വകുപ്പുമായി ചേർന്ന് അതിഥി തൊഴിലാളികളുടെയിടയിൽ രോഗപ്രതിരോധ നടപടികൾ സ്വീകരിക്കണം.

(പേജ് 7ൽ തുടർന്ന് വായിക്കുക)

# എബോള

## പൊതുജനങ്ങളുടെ സംശയങ്ങളും മറുപടികളും



### എന്താണ് എബോള?

എബോള വൈറസ് മൂലമുണ്ടാകുന്ന ഒരു മാരക രോഗമാണ്. ആഫ്രിക്കയിലെ വവ്വാലുകളിലും കുരങ്ങുകളിലും എബോള വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. ഇവയുമായി സമ്പർക്കം പുലർത്തുന്നതിലൂടെയും എബോള വൈറസ് ബാധിച്ച വ്യക്തികളുമായുള്ള സമ്പർക്കത്തിലൂടെയും രോഗം പകരാം. എന്നാൽ. കേരളത്തിലെ വവ്വാലുകളിലോ കുരങ്ങുകളിലോ എബോള വൈറസിന്റെ സാന്നിധ്യം ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. അതിനാൽ കേരളത്തിൽ രോഗബാധിത രാജ്യങ്ങളിൽ നിന്നെത്തുന്ന രോഗികളിൽ നിന്ന് മാത്രമേ രോഗം പകരാൻ നിലവിൽ സാധ്യതയുള്ളൂ.

എബോള രോഗം ബാധിച്ച ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് വളരെ വേഗത്തിൽ പടരുകയും വളരെ പെട്ടെന്ന് മരണത്തിന് കാരണമാകുകയും ചെയ്യാം. എബോളയുടെ മരണനിരക്ക് 40 മുതൽ 90 ശതമാനം വരെയാണ്.

### ലക്ഷണങ്ങൾ പ്രകടമാകുന്നതിന് മുമ്പ് രോഗബാധിതരിൽ നിന്ന് രോഗം പകരുമോ?

എബോള വൈറസ് ബാധിച്ച വ്യക്തിക്ക് ലക്ഷണങ്ങൾ പ്രകടമാകുന്നതിന് മുമ്പ് രോഗം മറ്റൊരാളിലേക്ക് പകരില്ല. രോഗത്തിന്റെ ഇൻക്യൂബേഷൻ കാലയളവ് 2 മുതൽ 21 ദിവസം വരെയാണ്.

### എബോളയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?

പനി (തീവ്രമായ പനി) വയറുവേദന സന്ധിവേദന അല്ലെങ്കിൽ ശരീരവേദന (പ്രത്യേകിച്ച് നെഞ്ചുവേദന) തലവേദന ഛർദ്ദി (ചിലപ്പോൾ രക്തത്തോട് കൂടിയത്) വയറിളക്കം (ചിലപ്പോൾ രക്തത്തോട് കൂടിയത്) നിർജ്ജലീകരണം (നാവ് വരണ്ടുപോകുക, കണ്ണുകൾ കുഴിഞ്ഞു പോകുക) ചർമ്മത്തിൽ ചുവന്ന പാടുകൾ / ചൊറിച്ചിൽ രോഗം തീവ്രമാകുമ്പോൾ വായ, കണ്ണ്, മൂക്ക്, ചെവി, മലദ്വാരം എന്നിവയിൽ നിന്ന് രക്തസ്രാവം ഉണ്ടാകാം. ഒരു വ്യക്തിക്ക് രോഗലക്ഷണങ്ങളിൽ ഒന്നോ അതിലധികമോ പ്രകടമാകുമ്പോഴാണ് രോഗം മറ്റുള്ളവരിലേക്ക് പകരാൻ സാധ്യതയുള്ളത്.

### എബോളയിൽ നിന്ന് രക്ഷപ്പെടാനാകുമോ?

അതെ. എത്രയും നേരത്തെ ചികിത്സ തേടിയാൽ രോഗമുക്തി സാധ്യമാണ്.

### എബോള ബാധിച്ച ഒരാൾ രോഗമുക്തി നേടിയാൽ, അവരിലൂടെ രോഗം മറ്റൊരാൾക്കു പകരുമോ?

ഇല്ല. രോഗമുക്തി നേടിയ എബോള രോഗികളെ വീട്ടിലേക്ക് മടക്കിവിടുന്നതിനു മുമ്പ്, അവരുടെ ശരീരത്തിൽ വൈറസ് ഇല്ലെന്ന് ഉറപ്പാക്കാൻ രക്തപരിശോധന നടത്തും. എന്നാൽ, രോഗമുക്തരായിക്കഴിഞ്ഞാലും ഉറ ഉപയോഗിക്കാതെയുള്ള ലൈംഗികബന്ധം കുറഞ്ഞത് മൂന്ന് മാസത്തേക്ക് ഒഴിവാക്കണം.

### എങ്ങിനെയാണ് എബോള മനുഷ്യനിൽ നിന്ന് പകരുന്നത്?

ശരീരദ്രവങ്ങളായ ഉമിനീർ, വിയർപ്പ്, മലം, മൂത്രം, ശുക്ലം, യോനിസ്രവം, മൂക്കിൽ നിന്നുള്ള സ്രവങ്ങൾ, രക്തം എന്നിവ വഴി എബോള വൈറസ് പകരാം. രോഗിയുടെ സ്രവങ്ങൾ മുറിവേറ്റ ചർമ്മം, കണ്ണുകൾ, വായ തുടങ്ങിയവയിലൂടെ പ്രവേശിച്ചാണ് എബോള വൈറസ് മനുഷ്യനിൽ നിന്ന് പകരുന്നത്.

### എബോള ഹസ്തദാനത്തിലൂടെ പകരുമോ?

അതെ. രോഗി ശരിയായ രീതിയിൽ സോപ്പുപയോഗിച്ച് കൈകൾ കഴുകിയില്ലെങ്കിൽ ഹസ്തദാനം വഴിയും രോഗം പകരാം.

### എബോള ബാധിച്ചതായി സംശയിക്കുന്ന ആളുകളിൽ നിന്ന് എത്ര അകലം പാലിക്കണം?

അകലം എന്നത് പ്രധാനപ്പെട്ട കാര്യമല്ല. എബോള രോഗബാധിതരുടെ ശരീരദ്രവങ്ങളുമായി സമ്പർക്കത്തിൽ വരുന്നതിലൂടെയാണ് രോഗം പകരുന്നത്. എങ്കിലും, ആരോഗ്യ പ്രവർത്തകരുടെ നിർദേശങ്ങൾ പാലിക്കണം. എബോള സംശയിക്കുന്ന വ്യക്തി ഉപയോഗിച്ച വസ്തുക്കൾ സ്പർശിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നത് ഒഴിവാക്കണം. ഇത്തരം സാഹചര്യങ്ങളിൽ ഇടക്കിടെ കൈകൾ സോപ്പുപയോഗിച്ച് കഴുകുകയോ സാനിറ്റൈസർ ഉപയോഗിക്കുകയോ ചെയ്യുന്നത് രോഗ പകർച്ച തടയാൻ സഹായിക്കും.

### വവ്വാലുകളുടെ മൂത്രത്തിലൂടെയോ വിസർജ്യത്തിലൂടെയോ എബോള പകരുമോ?

അതെ. ആഫ്രിക്കയിലെ വവ്വാലുകൾ എബോള വൈറസിന്റെ വാഹകരാണ്. എന്നാൽ കേരളത്തിലെ വവ്വാലുകളിൽ എബോള വൈറസിന്റെ സാന്നിധ്യം ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. രോഗബാധിതമായ ആഫ്രിക്കൻ വവ്വാലുകളുടെ മൂത്രം, വിസർജ്യം, തുടങ്ങിയവയുമായി സമ്പർക്കത്തിൽ വന്നാൽ എബോള പകരാം.

### എബോള ബാധിത രാജ്യങ്ങളിൽ നിന്നെത്തി വീട്ടിൽ ക്വാറന്റൈനിൽ ഇരിക്കുമ്പോൾ എന്ത് ചെയ്യണം?

ഉടൻ സമീപത്തെ ആരോഗ്യ കേന്ദ്രത്തിൽ അറിയിക്കണം. 21 ദിവസം കുടുംബാംഗങ്ങളോട് പോലും പരമാവധി സമ്പർക്കം ഒഴിവാക്കണം. ഈ കാലയളവിൽ രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഉടൻ പ്രദേശത്തെ ആരോഗ്യകേന്ദ്രത്തെ അറിയിച്ച് ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശപ്രകാരം എത്രയും നേരത്തെ ചികിത്സ തേടണം. കൂടുതൽ വിവരങ്ങൾക്ക് 1056, 104 എന്നീ 'ദിശ' ഹെൽപ് ലൈൻ നമ്പറിൽ ബന്ധപ്പെടണം.

### എബോളയ്ക്കുള്ള മരുന്ന് എവിടെ ലഭിക്കും?

എബോളയ്ക്ക് കൃത്യമായ ചികിത്സ നിലവിലില്ല. തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിൽ മുൻകൂട്ടി അറിയിച്ചശേഷം ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശപ്രകാരം എത്തി എത്രയും പെട്ടെന്ന് ചികിത്സ ആരംഭിക്കേണ്ടതാണ്. എത്രയും വേഗത്തിൽ ചികിത്സ ആരംഭിക്കുന്നത് രോഗത്തിൽ നിന്നും മുക്തമാകാനുള്ള സാധ്യതയും വർദ്ധിപ്പിക്കുന്നു.

### എബോള സംശയാസ്പദരായ രോഗികളെ വീട്ടിൽ പരിചരിക്കാമോ?

ഇല്ല. ഇത് രോഗവ്യാപനത്തിന് കാരണമാകും. ആരോഗ്യകേന്ദ്രത്തിൽ മുൻകൂട്ടി അറിയിച്ചശേഷം ആരോഗ്യപ്രവർത്തകരുടെ സേവനം തേടേണ്ടതാണ്..

### എബോള പ്രതിരോധിക്കാൻ എന്തു ചെയ്യണം

1. രോഗ ബാധിത പ്രദേശങ്ങളിൽ നിന്നും തിരിച്ചെത്തിയാൽ 21 ദിവസം വീട്ടിൽ ക്വാറന്റൈൻ പാലിക്കണം.
2. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക
3. രോഗബാധിതരുമായി സമ്പർക്കം ഒഴിവാക്കുക
4. രോഗവ്യാപനമുള്ള സാഹചര്യങ്ങളിൽ വന്യമൃഗങ്ങളുമായി സമ്പർക്കം ഒഴിവാക്കുക.
5. രോഗ ലക്ഷണങ്ങൾ കണ്ടാൽ എത്രയും വേഗം പ്രദേശത്തെ ആരോഗ്യകേന്ദ്രത്തെ ബന്ധപ്പെടുക

**കൂടുതൽ വിവരങ്ങൾക്ക് ദിശ**
**1056, 104, 04712 552 056**

ആരോഗ്യത്തിൽ ഹാട്രിക്കടിച്ച്

# പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി



മലപ്പുറം: ആരോഗ്യരംഗത്തെ ഗുണനിലവാരമികവിൽ ഹാട്രിക്കടിച്ച് പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി. എൻ.ക്യു.എ.എസ്, ലക്ഷ്യ , മുസ്കാൻ അംഗീകാരങ്ങളാണ് പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് ലഭിച്ചത്. എൻ.ക്യു.എ.എസ് ന് 94.9 % സ്കോറും ലക്ഷ്യക്ക് 94% സ്കോറും മുസ്കാൻ 93.5% സ്കോറുമാണ് ലഭിച്ചത്. ജില്ലയിൽ മൂന്നും ലഭിച്ച ആദ്യത്തെ ആശുപത്രിയാണ് പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി. ഗർഭിണികൾക്ക് മികച്ച ചികിത്സയും പരിചരണവും ഉറപ്പാക്കി മാതൃശിശു മരണ നിരക്ക് കുറക്കാൻ സഹായിക്കുന്ന കേന്ദ്ര സർക്കാരിന്റെ 'ലക്ഷ്യ' (LaQshya) അംഗീകാരം. പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന മാനദണ്ഡമാണ് NQAS (National Quality Assurance Standards). മികച്ച രോഗി പരിചരണം, ശുചിത്വം, അണുബാധ നിയന്ത്രണം എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ നവജാത ശിശുക്കളുടെയും കുട്ടികളുടെയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ശിശു സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനുള്ള കേന്ദ്ര – സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് മുസ്കാൻ (Muskaan). പ്രസവം നടക്കുന്ന ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുകയും ശിശുമരണ നിരക്ക് കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മാതൃ – ശിശുമരണ നിരക്ക് കുറയ്ക്കുക, ശുചിത്വം, രോഗീ സൗഹൃദാന്തരീക്ഷം എന്നിവ സാധ്യമാക്കുന്നതിനും കഴിഞ്ഞതിലൂടെയാണ് പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രിക്ക് ഈ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചത്.

സമയബന്ധിതമായ ഇടപെടൽ

# എലിപ്പനി ബാധിച്ച പത്തുവയസ്സുകാരന് പുതുജീവൻ

## ചരിത്രം കൈവരിച്ച് ചെങ്ങന്നൂർ ജില്ലാ ആശുപത്രി




ആലപ്പുഴ: ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക് മെഡിക്കൽ സംഘത്തിന്റെ കൃത്യമായ രോഗനിർണ്ണയവും സമയോചിതമായ ഇടപെടലും മൂലം എലിപ്പനി ബാധിച്ച പത്തുവയസ്സുകാരന് പുതുജീവൻ. കുട്ടിയുടെ ജീവൻ രക്ഷിച്ച ആശുപത്രി അധികൃതർക്കും ജീവനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കാൻ കഴിഞ്ഞ ദിവസം പീഡിയാട്രിക് ഒ.പിയിൽ അമ്മ നേരിട്ടെത്തിയതോടെയാണ് ഈ വിജയഗാഥ പുറംലോകമറിഞ്ഞത്.

ഏപ്രിൽ 30ന് കടുത്ത പനി, വയറിളക്കം, തലവേദന, ശരീരവേദന തുടങ്ങിയ ലക്ഷണങ്ങളോടെയാണ് പത്തുവയസ്സുകാരനെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക് ഒ.പിയിൽ എത്തിച്ചത്.

ഡോക്ടർമാർ കുട്ടിയുടെ പശ്ചാത്തലം വിശദമായി പരിശോധിച്ചപ്പോൾ, കുട്ടി കന്നുകാലി തൊഴുത്തിലും സമാനമായ സാഹചര്യങ്ങളിലും കളിച്ചിരുന്നതായി അമ്മ സൂചന നൽകി. കൃത്യമായ വിവര ശേഖരണം രോഗനിർണ്ണയം വേഗത്തിലാക്കാൻ സഹായിച്ചു.

വയറിളക്കത്തോടൊപ്പം എലിപ്പനിക്കുള്ള സാധ്യതയും മുൻകൂട്ടി കണ്ട്, ആശുപത്രിയുടെ ആന്റിബയോട്ടിക് പോളിസി അനുസൃതമായി ഡോക്ടർമാർ ഉടൻ തന്നെ ഡോക്സിസൈക്ലിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ ചികിത്സയും ആരംഭിച്ചു.

പ്രാഥമിക രോഗനിർണയത്തിന് ശേഷം കുട്ടിയുടെ അവസ്ഥ പരിഗണിച്ച് വിദഗ്ദ്ധ ചികിത്സക്കായി 108 ആംബുലൻസ് സർവീസ് വഴി കോട്ടയം ഐ.സി.എച്ചി ലേക്ക് മാറ്റി.

കോട്ടയം ഐ.സി.എച്ചിൽ വെച്ച് കുട്ടിക്ക് എലിപ്പനി സ്ഥിരീകരിച്ചു. തുടർന്ന് വൃക്കകൾക്ക് തകരാർ സംഭവിക്കുകയും (Creatinine level 5 വരെ ഉയർന്നു) ആന്റിബയോട്ടിക്കുകളോടൊപ്പം ഐ.സി.യു പരിചരണവും, ഡയാലിസിസും, അനുബന്ധചികിത്സകളും നൽകേണ്ടതായി വന്നു. 12 ദിവസത്തെ തീവ്രപരിചരണത്തിനൊടുവിൽ കുട്ടി രോഗമുക്തനായി പൂർണ്ണ ആരോഗ്യത്തോടെ വീട്ടിലേക്ക് മടങ്ങി.

തിരക്കേറിയ ഒപി സാഹചര്യത്തിലും രോഗലക്ഷണങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ്, ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലായ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ മാനദണ്ഡങ്ങൾ പാലിച്ച് ചികിത്സ നൽകിയതും സമയോചിതമായി കോട്ടയം ഐ.സി.എച്ചിലേക്ക് റഫർ ചെയ്യുകയും വിദഗ്ദ്ധ പരിചരണം ഉറപ്പാക്കിയതുമാണ് കുട്ടിയുടെ ജീവൻ രക്ഷിക്കാൻ സഹായിച്ചത്. ചെങ്ങന്നൂർ ജില്ലാ ആശുപത്രി സൂപ്രണ്ടും ടീം ലീഡറുമായ ഡോ. അനിത കുമാരി. ടി, ആലപ്പുഴ ജില്ലാ സർവൈലൻസ് ഓഫിസർ, കൂടാതെ കുട്ടിയുടെ ജീവൻ രക്ഷിക്കാൻ അശ്രാന്തപരിശ്രമം നടത്തിയ ജില്ലാശുപത്രി ചെങ്ങന്നൂരിലെയും കോട്ടയം ഐ.സി.എച്ചിലെയും മുഴുവൻ ജീവനക്കാരുടെയും അർപ്പണ മനോഭാവത്തെയും മെഡിക്കൽ മികവിനെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.




# 'മാംഗോ ഫെസ്റ്റ് 2026' സംഘടിപ്പിച്ചു

തിരുവനന്തപുരം: മെഡിക്കൽ ഓഫീസർ ഇൻചാർജ് ഡോ. ജവഹർ ഐ.എസ്. യുടെ നേതൃത്വത്തിൽ സി.എച്ച്.സി വെൺപകലിൽ 'മാംഗോ ഫെസ്റ്റ് 2026' എന്ന പ്രത്യേക പരിപാടി സംഘടിപ്പിച്ചു.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ജീവനക്കാർ ഫെസ്റ്റിൽ സജീവമായി പങ്കെടുത്തു. ആഘോഷത്തിന്റെ ഭാഗമായി ജീവനക്കാർ മാമ്പഴങ്ങളും മാമ്പഴം ഉപയോഗിച്ച് തയ്യാറാക്കിയ വിവിധ രുചികരമായ വിഭവങ്ങളും കൊണ്ടുവന്നു. ജോലിക്കിടയിലുള്ള ഇടവേളകൾ കൂടുതൽ സന്തോഷകരമാക്കുകയും ജീവനക്കാർക്കിടയിൽ സൗഹൃദപരവും ഉത്സാഹഭരിതവുമായ അന്തരീക്ഷം വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

പരിപാടിയുടെ ഭാഗമായി ജീവനക്കാർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി. ഇവ ആഘോഷത്തിന് കൂടുതൽ നിറവും ആവേശവും പകർന്നു. സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ശ്രീ. ലിജിൻ എസ്. നന്ദിപ്രസംഗം നടത്തി. വൈകുന്നേരം 5.00 മണിക്ക് പരിപാടി സമാപിച്ചു.

കരുത്തായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി കാർഡിയോ ടീം

# ആദ്യത്തെ റോട്ടാബ്ലേഷൻ പി.സി.ഐ ശസ്ത്രക്രിയ വിജയകരം



കാസറഗോഡ്: കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയുടെ ചരിത്രത്തിൽ ഒരു വലിയ നേട്ടം സമ്മാനിച്ച് കാർഡിയോ ടീം. കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് അത്യാധുനിക ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുന്നതിൽ ഒരു നിർണായക മുന്നേറ്റം കൂടിയാണിത്. ഗുരുതരമായ കാത്സ്യം അടിഞ്ഞുകൂടിയ കൊറോണറി ആർട്ടറി തടസ്സങ്ങൾ ചികിത്സിക്കാൻ ഉപയോഗിക്കുന്ന റോട്ടാബ്ലേഷൻ രീതിയിലൂടെ, ആശുപത്രിയിലെ മെഡിക്കൽ ടീമിന്റെയും ആരോഗ്യ സൗകര്യങ്ങളുടെയും കഴിവും മികവും തെളിയിക്കുന്നു. ഈ സങ്കീർണ്ണമായ കാർഡിയോളജി സാങ്കേതിക വിദ്യ അവതരിപ്പിച്ചതിലൂടെ, രോഗികളെ ദൂരെയുള്ള ആശുപത്രികളിലേക്ക് റഫർ ചെയ്യേണ്ട സാഹചര്യം കുറച്ച്, പ്രാദേശികമായി തന്നെ ജീവൻ രക്ഷിക്കുന്ന ഹൃദ്രോഗ ചികിത്സ നൽകുന്നതിൽ ആശുപത്രി വലിയ മുന്നേറ്റം കൈവരിച്ചു.

റോട്ടാബ്ലേഷൻ സഹിതം PCI ഗുരുതരമായി കാത്സ്യം അടിഞ്ഞുകൂടിയ, ഇടുങ്ങിയ കൊറോണറി ആർട്ടറികൾ ചികിത്സിക്കാൻ ഉപയോഗിക്കുന്ന ഒരു പുരോഗമിച്ച ഹൃദ്രോഗ ശസ്ത്രക്രിയയാണ്. ഈ രീതിയിൽ, സൂക്ഷ്മമായ ഡയമണ്ട് കണികകൾ പൂശിയ പ്രത്യേക ഹൈ സ്പീഡ് റോട്ടേറ്റിംഗ് ബർ ഉപയോഗിച്ച് ആർട്ടറിയിലെ കഠിനമായ കാത്സ്യം അടിഞ്ഞുകൂടിയ ഭാഗങ്ങൾ നീക്കം ചെയ്യുന്നു. ഇതിലൂടെ ബലൂണുകളും സ്റ്റെന്റുകളും ആർട്ടറിയിലൂടെ എളുപ്പത്തിൽ കടന്ന് ശരിയായി പ്രവർത്തിക്കാൻ സഹായിക്കുന്നു. റോട്ടാബ്ലേഷൻ കഴിഞ്ഞ്, PCI വഴി സ്റ്റെന്റ് സ്ഥാപിച്ച് ആർട്ടറി തുറന്ന നിലയിൽ നിലനിർത്തുകയും ഹൃദയത്തിലേക്ക് സാധാരണ രക്തപ്രവാഹം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. സാധാരണ ആഞ്ജിയോ പ്ലാസ്റ്റി ഫലപ്രദമാകാത്ത സങ്കീർണ്ണ കൊറോണറി ആർട്ടറി രോഗികളിൽ ഈ രീതിയിലൂടെ രക്തപ്രവാഹം മെച്ചപ്പെടുത്തുകയും നെഞ്ചുവേദന കുറയ്ക്കുകയും ഹൃദ്രോഗ ലക്ഷണങ്ങൾ ശമിപ്പിക്കുകയും ഹൃദയാഘാത സാധ്യത കുറയ്ക്കുകയും രോഗികളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുന്നു.

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നടന്ന ഈ ചരിത്രപരമായ റോട്ടാബ്ലേഷൻ ജനക ശസ്ത്രക്രിയ, കാർഡിയോളജിസ്റ്റ് ഡോ. രാജി രാജൻ, ഫിസിഷ്യൻ ഡോ. അഭിനന്ദ് എന്നിവരുടെ നേതൃത്വത്തിൽ, കാത്ത് ലാബ് ടെക്നീഷ്യന്മാരായ അഖിൽ, അമൃത, നഴ്സിംഗ് ഉദ്യോഗസ്ഥരായ രമ്യ പി, ശരണ്യ എ.കെ, സോണ സാജി, ഗ്രീഷ്മ കെ എന്നിവരുടെ സമർപ്പിതമായ പിന്തുണയോടെയും ആശുപത്രി അറ്റൻഡന്റ് വിൻസന്റിന്റെ സഹകരണത്തോടെയും വിജയകരമായി നടപ്പാക്കി. അവരുടെ കൂട്ടായ പരിശ്രമവും പ്രതിബദ്ധതയും ഈ പുരോഗമിച്ച ഹൃദ്രോഗ ഇടപെടലിന്റെ വിജയത്തിന് കാരണമായി.

# ദേശീയ ഡെങ്കിപ്പനി ദിനം ആചരിച്ചു



പത്തനംതിട്ട: ഡെങ്കിപ്പനി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കളക്ടറേറ്റ് അങ്കണത്തിൽ ജില്ല കളക്ടർ എസ് പ്രേം കൃഷ്ണൻ നിർവഹിച്ചു. ഉറവിട നശീകരണ പ്രവർത്തനത്തിന് ജില്ലാ കളക്ടർ നേതൃത്വം നൽകി. ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾക്കെതിരെ മുൻകരുതൽ വേണം. വീട്, ഓഫീസ്, പൊതുഇടങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കണം. ശനിയാഴ്ചകളിൽ സർക്കാർ ഓഫീസുകൾ ഉൾപ്പെടെ ഉറവിട നശീകരണ പ്രവർത്തനം നടത്തണമെന്ന് അദ്ദേഹം നിർദേശിച്ചു.

പ്രവർത്തനങ്ങളുടെ മുന്നോടിയായി മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ അവലോകനം വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ച് നടത്തിയിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതകുമാരി, ഡോ. കെ ജീവൻ, ഡോ. സേതുലക്ഷ്മി, എം ജി വിനോദ് കുമാർ, എസ് ദീപ, എം പി ബിജുകുമാർ, സി പി ആശ, , ആർ സജിത്ത്, എം മീന, എ ജയകുമാർ എന്നിവർ പങ്കെടുത്തു. ജില്ലാ വെക്റ്റർ കൺട്രോൾ യൂണിറ്റും പങ്കാളിയായി. വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ച് അവലോകനം നടത്തിയിരുന്നു.



പാമ്പുകടിയേറ്റ

# ആറുവയസ്സുകാരന് രക്ഷയായി സ്റ്റാഫ് നഴ്സ്



വയനാട്: പാമ്പുകടിയേറ്റ് ആശുപത്രിയിലെത്തിയ ആറുവയസ്സുകാരന് രക്ഷയായത് എൻ.എച്ച്.എം സ്റ്റാഫ് നഴ്സിന്റെ സമയോചിത ഇടപെടൽ. ഏപ്രിൽ 25ന് ഉച്ചയ്ക്ക് 12ഓടെയാണ് ഗോത്രവിഭാഗത്തിൽപ്പെട്ട തലപ്പുഴ സ്വദേശിയായ കുട്ടിയെ മാനന്തവാടി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പനി, വയറിളക്കം, വയറുവേദന, ഛർദ്ദി എന്നിവയായിരുന്നു ലക്ഷണങ്ങൾ. സംശയം തോന്നിയ ജീവനക്കാർ കുട്ടിയെ 'വൂണ്ട് ബ്ലഡ് ക്ലോട്ടിങ് ടൈം' പരിശോധനയ്ക്ക് വിധേയനാക്കി. എന്നാൽ നോർമൽ ആയിരുന്നു ഫലം. അവശനായ കുട്ടിയെ അഡ്മിറ്റ് ചെയ്ത് തുടർചികിത്സ നൽകി.

അടുത്ത ദിവസം ഇതേ പരിശോധന നടത്തിയപ്പോൾ രക്തം കട്ടപിടിക്കുന്നില്ലെന്നു കണ്ടെത്തി. ഉടൻ തന്നെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എൻഎച്ച്എം സ്റ്റാഫ് നഴ്സ് സി.ജി അർച്ചന കുട്ടിയെ വിശദമായി പരിശോധിക്കുകയും കാൽവിരലിൽ പാമ്പുകടിയേറ്റ പാട് കണ്ടെത്തുകയും ചെയ്തു. ഉടൻതന്നെ ഡോക്ടറെ വിവരമറിയിച്ച് അത്യാഹിത വിഭാഗത്തിലേക്ക് മാറ്റി ആന്റിവെനം ഇഞ്ചക്ഷൻ നൽകി. കുട്ടി വീണ്ടും ഛർദ്ദിച്ചതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. മാനന്തവാടിയിൽ മികച്ച ചികിത്സ ലഭിച്ചതിനെ തുടർന്ന് മൂന്നു ദിവസത്തിനകം തന്നെ വീട്ടിലേക്ക് മടങ്ങാൻ കഴിഞ്ഞു. സ്റ്റാഫ് നഴ്സിന്റെ സമയബന്ധിത ഇടപെടൽ മൂലം ഒരു കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ ജീവനക്കാർ.

ഗോസായിക്കുന്ന് നഗര കുടുംബാരോഗ്യകേന്ദ്രത്തിൽ

# കാതുകളുടെ തിരിച്ച് വരവിന്റെ കഥ



തൃശൂർ: കാതുകൾ രണ്ടും ഭാരമേറിയ കമ്മലുകളണിഞ്ഞ് പൂർണ്ണമായി കീറിയ അവസ്ഥയിലാണ് അശ്വതി ഗോസായിക്കുന്ന് നഗര കുടുംബാരോഗ്യകേന്ദ്രത്തിന്റെ പടികൾ കയറിയത്. സ്പെഷ്യാലിറ്റി സേവനങ്ങളെ സംബന്ധിച്ചുള്ള ഡിജിറ്റൽ പോസ്റ്ററുകൾ കണ്ട അശ്വതി, അശ്വതിയുടെ കീറിയ രണ്ടു കാതുകൾ എന്ന പ്രശ്നം പരിഹരിക്കാനായി കുടുംബാരോഗ്യകേന്ദ്രത്തിൽ എത്തിചേരുകയായിരുന്നു.

2024 ൽ ആരോഗ്യകേന്ദ്രത്തിൽ ഇ.എൻ.ടി സ്പെഷ്യലിസ്റ്റ് ആയി ഡോ.അമിതാരാജ് ചുമതലയേറ്റെടുത്തതിൽ പിന്നെ, ഇ.എൻ.ടി തലത്തിൽ മികവുറ്റ സേവനങ്ങൾ നൽകി വരികയാണ്. അശ്വതിയെ പരിശോധന നടത്തിയ ഡോ.അമിതാരാജ് ഉടനെ തന്നെ കാത് തുന്നിചേർക്കാനുള്ള നടപടികൾ സ്വീകരിച്ചു. അങ്ങനെ അശ്വതിയുടെ വലതു കാത് തുന്നിചേർക്കുകയും പിന്നീട് ഇടത് കാത് രണ്ടാഴ്ചക്കുശേഷം തുന്നിചേർക്കുകയുമാണ് ചെയ്തത്. രണ്ട് കാതുകളുടേയും തുന്നലുകൾ എടുത്ത് ഒരാഴ്ചക്കുശേഷം വീണ്ടും കാത് കുത്തൽ പ്രക്രിയ നടത്തി കൊടുക്കുകയും ചെയ്തു. ഏറെ നാളുകളായി കമ്മലണിയാതിരുന്ന അശ്വതി ഏറെ സന്തോഷത്തോടെ അന്നേദിവസം കമ്മലുകളിഞ്ഞു. ഇതുപോലെ 23 ആളുകളുടെ കമ്മലണിയാനുള്ള സ്വപ്നങ്ങൾ തിരിച്ചു പിടിക്കാൻ സഹായിച്ചുകൊണ്ട് ഡോ.അമിതാരാജും നഗര കുടുംബാരോഗ്യകേന്ദ്രം ഗോസായിക്കുന്നും മികച്ച സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകികൊണ്ട് മുന്നേറുന്നു.



യാത്രക്കാരന്

# രക്ഷയായി മാലാഖ കൈകൾ



കൊല്ലം: യാത്രാമധ്യേ വഴിയിൽ കുഴഞ്ഞ് വീണ യാത്രക്കാരനെ തിരികെ ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്തി നഴ്സ് സിനിയുടെ മാലാഖ കൈകൾ. ശാരീരിക ബുദ്ധിമുട്ട് അനുഭവപെട്ട് കുഴഞ്ഞു വീണ സ്കൂട്ടർ യാത്രക്കാരനാണ് നഴ്സ് സിനിയുടെ സമയോചിത ഇടപെടലിലൂടെ ജീവൻ തിരികെ ലഭിച്ചത്. തിരുവനന്തപുരം പോത്തൻകോട്വെഞ്ഞാറമ്മൂട് റോഡിലാണ് സേവനത്തിന്റെ മഹത്വം വിളിച്ചോതിയ ഈ സംഭവം നടന്നത്. ഭർത്താവിനും മകൾക്കുമൊപ്പം വീട്ടിലേക്കു മടങ്ങും വഴിയാണ് സ്കൂട്ടർ യാത്രക്കാരൻ കുഴഞ്ഞു വീണത് സിനിയുടെ ശ്രദ്ധയിൽ പെട്ടത്. വാഹനാപകടമാണെന്നാണ് ആദ്യം കരുതിയിരുന്നത്, എന്നാൽ അടുത്തേക്ക് ഓടിച്ചെന്ന സിനിമോൾ പെട്ടെന്ന് യാഥാർഥ്യം മനസ്സിലാക്കുകയും യാത്രക്കാരനെ റോഡിലേക്ക് കിടത്തി സി.പി.ആർ നൽകുകയും ചെയ്തു. കൃത്യമായി സി.പി.ആർ നൽകിയതിലൂടെ യാത്രക്കാരന് ബോധം വരികയും ചെയ്തു. പുനലൂർ താലൂക്ക് ആശുപത്രിയിലെ സീനിയർ നഴ്സിങ് ഓഫീസറും, ഇൻഫെക്ഷൻ കൺട്രോൾ യൂണിറ്റിന്റെ മേധാവിയുമാണ് പി സിനിമോൾ. സിനിമോൾക്കു താൻ രക്ഷിച്ച മനുഷ്യനെ അറിയില്ല പക്ഷെ ഒരു നഴ്സ് എന്ന മഹത്തായ സേവന പാതയിൽ എന്നെന്നും ആ നിമിഷങ്ങൾ നിറഞ്ഞു നിൽക്കുമെന്നും അത്രമേൽ സന്തോഷം നൽകുന്നതാണെന്നും സിനിമോൾ പറയുന്നു. ആശുപത്രിയിലെ രോഗികൾക്ക് മാത്രമല്ല കൺമുന്നിൽ എത്തുന്ന ഓരോ മനുഷ്യരിലും സാന്ത്വന സ്പർശം നൽകുവാനും ജീവന്റെ വില മനസിലാക്കി കൃത്യമായി സേവനം നൽകുവാനും സിനിമോളെ പോലെയുള്ള ഒരുപാട് മാലാഖ കൈകൾ നമുക്ക് ചുറ്റും സന്നദ്ധമാണ് എന്നുള്ളതാണ് നമ്മുടെ ആരോഗ്യ മേഖലയെ ലോകത്തിനു മുന്നിൽ പോലും മാതൃകയാക്കി തീർക്കുന്നത്.

കോട്ടയം മെഡിക്കൽ കോളേജിൽ

# മുലപ്പാൽ ബാങ്ക് തുടങ്ങി



കോട്ടയം: അമ്മയുടെ മുലപ്പാൽ ലഭ്യമല്ലാത്ത നവജാത ശിശുക്കൾക്ക് മറ്റുള്ള അമ്മമാരിൽ നിന്നും മുലപ്പാൽ ശേഖരിച്ച് പരിശോധന നടത്തി സുരക്ഷിതമായി സൂക്ഷിച്ച് ആവശ്യമുള്ള ശിശുക്കൾക്ക് നൽകുന്ന സംവിധാനമാണ് മിൽക്ക് ബാങ്ക്. അമ്മയ്ക്ക് മുലയൂട്ടാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള മുലപ്പാൽ ഉപയോഗിക്കുന്നതായിരിക്കണം ആദ്യ ബദൽ എന്ന് ലോകാരോഗ്യ സംഘടനയും യുണിസെഫും പറയുന്നു.

### *മുലപ്പാൽ ബാങ്ക് –ആവശ്യകതകൾ*

1. അമ്മയുടെ മുലപ്പാൽ ലഭ്യമല്ലാത്ത നവജാത ശിശുക്കൾക്ക് സുരക്ഷിതമായ മനുഷ്യ മുലപ്പാൽ ലഭ്യമാക്കുന്നു.
2. അകാല പ്രസവത്തിൽ ജനിച്ച (Preterm) കുഞ്ഞുങ്ങളുടെ വളർച്ചയും ആരോഗ്യവും മെച്ചപ്പെടുത്തുന്നു.
3. ഗുരുതര രോഗാവസ്ഥയിലുള്ള ശിശുക്കൾക്ക് ആവശ്യമായ പോഷകങ്ങൾ നൽകുന്നു.
4. ശിശുക്കളിൽ അണുബാധകളും മറ്റ് ആരോഗ്യപ്രശ്നങ്ങളും കുറയ്ക്കാൻ സഹായിക്കുന്നു.
5. കൃത്രിമ പാലിന്റെ ഉപയോഗം കുറയ്ക്കുകയും മുലപ്പാലിന്റെ ഗുണങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു.
6. മാതൃമരണം മൂലം അമ്മയുടെ പാൽ ലഭിക്കാത്ത സാഹചര്യങ്ങളിൽ ശിശുവിന്റെ പോഷണം ഉറപ്പാക്കുന്നു.
7. മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം പ്രോത്സാഹിപ്പിക്കുന്നു.
8. നവജാത ശിശു തീവ്രപരിചരണ വിഭാഗത്തിൽ (NICU) ചികിത്സയിലുള്ള കുഞ്ഞുങ്ങൾക്ക് വലിയ സഹായമാണ്.

മുലയൂട്ടലുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ നേരിടുന്ന അമ്മമാർക്ക് ശാസ്ത്രീയമായ കൗൺസിലിംഗും പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രം ആരംഭിച്ചിരിക്കുന്നത്.

നവജാത ശിശുക്കളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും മുലപ്പാലിന്റെ പ്രാധാന്യം പൊതുസമൂഹത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും കേന്ദ്രം സഹായകരമാകും.

പ്രത്യേക പരിശീലനം നേടിയ ആരോഗ്യപ്രവർത്തകരുടെയും വിദഗ്ധ ഡോക്ടർമാരുടെയും നേതൃത്വത്തിൽ അമ്മമാർക്ക് മുലയൂട്ടൽ രീതികൾ, മുലയൂട്ടൽ സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ, പോഷകാഹാര നിർദേശങ്ങൾ എന്നിവ ലഭ്യമാക്കും.

കൊട്ടിയൂർ വൈശാഖ മഹോത്സവം

# വിപുലമായ ഒരുക്കങ്ങളുമായി ആരോഗ്യവകുപ്പ്



കണ്ണൂർ: ലക്ഷക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന കൊട്ടിയൂർ വൈശാഖ മഹോത്സവം ആരോഗ്യസുരക്ഷയുടെ കാര്യത്തിൽ മാതൃകയാക്കാൻ വിപുലമായ മുന്നൊരുക്കങ്ങളാണ് ആരോഗ്യവകുപ്പ് നടത്തിയത്. ഉത്സവകാലത്ത് പകർച്ചവ്യാധികൾ തടയുന്നതിനും ശുദ്ധജലവും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുന്നതിനും അടിയന്തര ചികിത്സാ സേവനങ്ങൾ സജ്ജമാക്കുന്നതിനുമായി വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

മഹോത്സവത്തിന്റെ മുന്നോടിയായി 2026 മെയ് 8ന് പഞ്ചായത്ത് തല അവലോകന യോഗം ചേർന്ന് വിവിധ വകുപ്പുകളുടെ ചുമതലകളും പ്രവർത്തനങ്ങളും വിലയിരുത്തി. തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഉത്സവ കേന്ദ്രങ്ങളും അനുബന്ധ പ്രദേശങ്ങളും സന്ദർശിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വിലയിരുത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു.

ദേശീയ ഡെങ്കിപ്പനി ദിനാചരണത്തിന്റെ ഭാഗമായി ക്ഷേത്രപരിസരത്തും തീർത്ഥാടക കേന്ദ്രങ്ങളിലുമായി ഉറവിട നശീകരണ പ്രവർത്തനങ്ങൾ, കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങളുടെ പരിശോധന, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കി. ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങളെക്കുറിച്ച് പൊതുജന ബോധവത്കരണവും ശക്തമാക്കി.

കുടിവെള്ള സുരക്ഷ ഉറപ്പാക്കുന്നതിനായി ജലസ്രോതസ്സുകളുടെ പരിശോധന, ക്ലോറിനേഷൻ പ്രവർത്തനങ്ങൾ, വെള്ളത്തിന്റെ ഗുണനിലവാര നിരീക്ഷണം എന്നിവ തുടർച്ചയായി നടത്തി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷണശാലകൾ, താൽക്കാലിക കച്ചവട കേന്ദ്രങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി. കൂടാതെ, പൊതുജനാരോഗ്യ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും നിയമലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനുമായി ഹെൽത്ത് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ പ്രത്യേക സ്ക്വാഡിനെ ജില്ലാ മെഡിക്കൽ ഓഫീസർ ഒരു മാസത്തേക്ക് നിയോഗിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ പരിശോധനകൾ നടത്തുന്നതിനും പൊതുജനാരോഗ്യ നിയമലംഘനങ്ങൾക്കുമെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനുമാണ് ഈ പ്രത്യേക സംഘത്തിന് ചുമതല നൽകിയിരിക്കുന്നത്.

മാലിന്യസംസ്കരണവും പരിസര ശുചിത്വവും മഹോത്സവത്തിന്റെ പ്രധാന ഘടകമാക്കി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും മലിനജല നിർമാർജനം കാര്യക്ഷമമാക്കുന്നതിനുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വിവിധ വകുപ്പുകൾക്കും സംഘാടകർക്കും നൽകി. പൊതുസ്ഥലങ്ങളിൽ ശുചിത്വം പാലിക്കുന്നതിന് ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.

തീർത്ഥാടകർക്കായി ആരോഗ്യവകുപ്പ് പ്രത്യേക നിർദേശങ്ങളും പുറത്തിറക്കി. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, ശുദ്ധമായ ഭക്ഷണം മാത്രം കഴിക്കുക, വ്യക്തിശുചിത്വം പാലിക്കുക, ആവശ്യമായ വ്യക്തിഗത മരുന്നുകൾ കൈവശം കരുതുക, ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ ഉടൻ ചികിത്സ തേടുക തുടങ്ങിയ നിർദേശങ്ങളാണ് നൽകിയത്.

വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയും ആരോഗ്യ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി നടത്തുന്ന ഈ പ്രവർത്തനങ്ങൾ കൊട്ടിയൂർ വൈശാഖ മഹോത്സവത്തെ കൂടുതൽ സുരക്ഷിതവും ആരോഗ്യകരവുമായ തീർഥാടന അനുഭവമാക്കി മാറ്റുമെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.



(പേജ് 2ൽ നിന്ന് തുടർച്ച)

# മന്ത്രി കെ. മുരളീധരന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു



ആശുപത്രികളിലെ ഇൻഫെക്ഷൻ കണ്ട്രോൾ നടപടികൾ ശക്തമാക്കണം. ശുചിമുറികൾ ഉൾപ്പെടെ വൃത്തിയായി സൂക്ഷിക്കാൻ നടപടിയെടുക്കണം.

ജില്ലകളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കാൻ ജില്ലാ കളക്ടർമാരുടെയും വിവിധ വകുപ്പു മേധാവികൾ തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ എന്നിവരുടെ യോഗം വിളിച്ച് ചേർക്കണം. ആശാ പ്രവർത്തകർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി വീടുകൾ കേന്ദ്രീകരിച്ച് രോഗപ്രതിരോധ നടപടികൾ സ്വീകരിക്കണം.

സ്കൂളുകളിൽ ആദ്യ രക്ഷാകർതൃ യോഗത്തിൽത്തന്നെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ രോഗപ്രതിരോധ മാർഗ്ഗനിർദേശങ്ങൾ നൽകണം. സ്കൂളുകളുടെ ജലസ്രോതസുകൾ അണുവിമുക്തമാക്കുന്നതുൾപ്പെടെയുള്ള ആരോഗ്യ സുരക്ഷാ നടപടികൾ ഉറപ്പുവരുത്തണം. വിദ്യാർത്ഥികൾ, എൻ.എസ്.എസ് വോളന്റിയർമാർ എന്നിവരെ കേന്ദ്രീകരിച്ച് രോഗപ്രതിരോധം സംബന്ധിച്ച ബോധവത്കരണം നടത്തി വിദ്യാർത്ഥികളുടെയിടയിൽ അവബോധം ശക്തമാക്കണം. മഞ്ഞപ്പിത്തം തടയാൻ തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്ന ശീലം വ്യാപകമാക്കാൻ ബോധവത്കരണം ശക്തമാക്കണം.

ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ ഐ.എ.എസ്, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ രാഹുൽ കൃഷ്ണ ശർമ്മ ഐ.എ.എസ്, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. വിശ്വനാഥൻ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു

ഡെങ്കി ദിനാചരണത്തിന്റെ ഭാഗമായി

# ഓപ്പറേഷൻ സി ഐ ഡി ക്യാമ്പയിന് തുടക്കമായി



എറണാകുളം : ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക തുടങ്ങിയ കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ ഊർജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് ഓപ്പറേഷൻ സി ഐ ഡി (ചെക്ക്, ഇൻസ്‌പെക്ട്, ഡ്രയിൻ / ഡിസ്‌ട്രോയ്) ക്യാമ്പയിന് തുടക്കം കുറിച്ചത്. ക്യാമ്പയിനിന്റെ ഭാഗമായി സോഷ്യൽ മീഡിയ പ്രചരണ പരിപാടികൾ, ആരോഗ്യ സ്ഥാപനങ്ങളിൽ. ഉറവിട നശീകരണ പ്രവർത്തനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപന തല മീറ്റിങ്ങുകൾ, വാർഡ് തലത്തിൽ വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റികൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, മാർക്കറ്റ് അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ, പ്ലാന്റേഷൻ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പരിശോധന, ഗപ്പി വിതരണം, ഉറവിട നശീകരണ പ്രവർത്തനങ്ങൾ, ഫ്ളാറ്റുകൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ഉറവിട നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നു വരികയാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷൻ, വിവിധ കൂട്ടായ്മകൾ, ബാലസഭ, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ മഴക്കാലപൂർവ്വ രോഗപ്രതിരോധ മുന്നൊരുക്കങ്ങൾ തുടരേണ്ടതാണ്. കളക്ട്രേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക ഐ എ എസ് ക്യാമ്പയിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ഡെങ്കിപ്പനി പ്രതിരോധത്തിനായി ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രതിവാര ഉറവിട നശീകരണ പരിപാടി ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി എന്റെ ഓഫീസ് ഉറവിട വിമുക്തം ക്യാമ്പയിനും കളക്ടർ ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷാഹിർ ഷാ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആശ കെ കെ, ഹൊസൂർ ശിരസ്തദാർ ജ്യോതി വി ജി, കാക്കനാട് കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ഗോപിക പ്രേം ആർ എന്നിവർ നേതൃത്വം നൽകി. സീനിയർ ബയോളജിസ്റ്റ് ബിനുക്കുട്ടൻ, ജില്ലാ വെക്ടർ ബോൺ ഡിസീസസ് കൺട്രോൾ ഓഫീസർ ദാമോദരൻ കെ ആർ, ടെക്നിക്കൽ അസിസ്റ്റന്റുമാരായ സന്തോഷ് കെ ടി, ബാബു, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ഡോ. രജനി ജി എന്നിവർ പങ്കെടുത്തു.

കളക്ട്രേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക ഐ എ എസ് ക്യാമ്പയിന്റെ ഉദ്ഘാടനം നിർവഹിച്ചു

കൂടരഞ്ഞിയിൽ

# കനത്ത ചൂടിൽ ഹീറ്റ് ക്ലിനിക്ക് ആശ്വാസമായി



കോഴിക്കോട്: കാലാവസ്ഥ വ്യതിയാനവും അതിതീവ്ര ചൂടും വർധിച്ചു വരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ ഹീറ്റ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി ഹീറ്റ് ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് ദുരന്തനിവാരണ അതോറിറ്റിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചൂട് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവത്കരണം, പ്രാഥമിക ചികിത്സ, നിർജലീകരണം ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ, അമിത ചൂട് ബാധിച്ചവർക്കുള്ള അടിയന്തര പരിചരണം, കുടിവെള്ള ഉപയോഗത്തിന്റെ പ്രാധാന്യം, സൂര്യാഘാത ലക്ഷണങ്ങൾ തിരിച്ചറിയൽ, വയോജനങ്ങൾ, കുട്ടികൾ, ഗർഭിണികൾ, കഠിനമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ തുടങ്ങിയ അതീവ ജാഗ്രത ആവശ്യമായ വിഭാഗങ്ങൾക്ക് പ്രത്യേക നിർദേശങ്ങൾ എന്നിവ ഹീറ്റ് ക്ലിനിക്കിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കും. കൂടാതെ വേനൽക്കാലത്ത് പാലിക്കേണ്ട ആരോഗ്യ സുരക്ഷാ മാർഗനിർദേശങ്ങളെക്കുറിച്ചും വിദഗ്ധരുടെ സേവനവും കൗൺസിലിംഗും ക്ലിനിക്കിലൂടെ ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ആദ്യത്തെ ഹീറ്റ് ക്ലിനിക് ആണ് എഫ് എച്ച് സി കൂടരഞ്ഞിയിൽ ആരംഭിച്ചത്.



തുണയായത് കോട്ടത്തറ ആശുപത്രി

# 25 വർഷത്തെ വേദനയ്ക്ക് ആശ്വാസം



പാലക്കാട്: ഏകദേശം ഇരുപത്തിയഞ്ച് വർഷമായി വയറിനുള്ളിൽ വളരുന്ന ഭീമൻ മുഴയുമായി ജീവിക്കുകയായിരുന്നു ശ്രീകൃഷ്ണപുരം സ്വദേശിനിയായ 69-കാരി. ആദ്യം ചെറിയ അസ്വസ്ഥതകളായി തുടങ്ങിയ പ്രശ്നം പിന്നീട് നിരന്തരമായ വയറുവേദന, അസാധാരണമായ വലിപ്പം എന്നിവ ദൈനംദിന ജീവിതത്തെ പോലും ബാധിച്ചു തുടങ്ങി.

അവസാനം ആരോഗ്യനില വഷളായതോടെ അട്ടപ്പാടിയിലെ കോട്ടത്തറ താലൂക്ക് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിത്സ തേടി. വിശദമായ പരിശോധനകൾക്ക് ശേഷം വയറിനുള്ളിലെ മെസെന്ററിയിൽ രൂപപ്പെട്ടിരുന്ന വലിയ സിസ്റ്റാണ് പ്രശ്നത്തിന് കാരണമെന്ന് ഡോക്ടർമാർ കണ്ടെത്തി. വർഷങ്ങളായി വളർന്നിരുന്ന സിസ്റ്റ് വയറിന്റെ വലിയൊരു ഭാഗം കൈവശപ്പെടുത്തിയിരുന്നതിനാൽ ശസ്ത്രക്രിയ അതീവ സങ്കീർണമായിരുന്നു. ശസ്ത്രക്രിയ വിദഗ്ധൻ ഡോ. മിഥുൻ. കെ യുടെ നേതൃത്വത്തിൽ അനസ്തീഷ്യ വിദഗ്ധരായ ഡോ. രാഹുൽ. എസ്, ഡോ. വർഷ പി.കെ എന്നിവരുടെ പിന്തുണയോടെ വിദഗ്ധ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്.

മണിക്കൂറുകൾ നീണ്ടുനിന്ന ശസ്ത്രക്രിയക്ക് ശേഷം സിസ്റ്റിനുള്ളിലെ ഏകദേശം നാല് ലിറ്റർ ദ്രാവകം പുറത്തെടുത്തു. തുടർന്ന് സിസ്റ്റ് പൂർണമായും നീക്കം ചെയ്യുകയും ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. വർഷങ്ങളായി രോഗിയെ അലട്ടിയിരുന്ന വേദനയ്ക്കും അസ്വസ്ഥതകൾക്കും ഇതോടെ അറുതിയായി. നിലവിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ തുടരുന്ന 69-കാരിയുടെ ആരോഗ്യനില തൃപ്തികരമാണെന്നും വേഗത്തിൽ സുഖം പ്രാപിച്ചുവരികയാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു. ആശുപത്രി സൂപ്രണ്ട് ഡോ. ഷിജിൻ ജോൺ ആലൂർ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മെഡിക്കൽ സംഘത്തെ അഭിനന്ദിച്ചു. സംഘത്തിന്റെ വൈദഗ്ധ്യവും കൂട്ടായ പ്രവർത്തനവുമാണ് ഈ നേട്ടത്തിന് പിന്നിലെ പ്രധാന ശക്തിയെന്ന് അദ്ദേഹം പറഞ്ഞു.

അട്ടപ്പാടിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന കോട്ടത്തറ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രി അട്ടപ്പാടിക്കാരുടെ മാത്രമല്ല സമീപപ്രദേശത്തുള്ളവരുടെ കൂടി ആശ്രയ കേന്ദ്രമാണിന്ന്. പരാധീനതകളുടെയും പരാതികളുടെയും മാത്രമായിരുന്ന പൂർവകാലത്തുനിന്നും അട്ടപ്പാടിയുടെ പുനരുജ്ജീവനം സാധ്യമാക്കുന്ന സംഭാവനകളിൽ കോട്ടത്തറ ട്രൈബൽ താലൂക്ക് ആശുപത്രിയുടെ പങ്ക് താരതമ്യങ്ങൾക്കതീതമാണ്.

ജീവനക്കാർ പെയിന്റർമാരായി

# സർക്കാർ ആശുപത്രി സ്മാർട്ടായി



ഇടുക്കി: അവധി ദിവസത്തിലും ആരോഗ്യവകുപ്പ് ജീവനക്കാർ സ്വന്തം സ്ഥാപനത്തിലെ പെയിന്റിംഗ് ജോലികൾ ചെയ്ത് മാതൃകയായി. ഉപ്പുതറ സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ ഡോ. മിനി മോഹന്റെ നേതൃത്വത്തിലാണ് മാതൃക പ്രവർത്തനം നടത്തിയത്. അവധി ദിവസങ്ങളിൽ വീട്ടിൽപോലും പോകാതെയാണ് പെയിന്റിംഗ് ജോലികൾ ഏറ്റെടുത്ത് നടത്തിയിരുന്നത്.

സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരും ആശുപത്രിയുടെ വിവിധ വികസന പ്രവർത്തനങ്ങൾ നടത്താൻ മുന്നിട്ടിറങ്ങി വൃത്തികേടായി കിടന്ന ആശുപത്രി കവാടത്തിലെ ബോർഡ് മാറ്റി സ്ഥാപിച്ചു. ആശുപത്രിയ്ക്ക് ചുറ്റുമുള്ള കാടുകൾ വെട്ടിതെളിച്ച് ചെടികൾ വച്ച് പിടിപ്പിച്ചു. തുടർന്നാണ് കെട്ടിടങ്ങളും ഫർണിച്ചറുകളും പെന്റിംഗ് ചെയ്യാൻ തീരുമാനിച്ചത്. ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെഡ്നേഴ്സ്, സ്റ്റാഫ് സെക്രട്ടറി തുടങ്ങി ആശുപത്രിയിലെ മുഴുവൻ ജീവനക്കാരുടേയും നേതൃത്വത്തിലാണ് പെന്റിംഗ് ജോലികൾ നടന്നുവരുന്നത്. ജീവനക്കാരുടെ കൂട്ടായ്മ ശക്തിപ്പെടുമ്പോൾ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യത്തിനൊപ്പം സേവനഗുണനിലവാരത്തിലും ഉയർച്ചയുണ്ടാകാൻ കാരണമാകും

അതിനാലാണ് ജീവനക്കാർ തന്നെ പെയിന്റിംഗ് ജോലി ഏറ്റെടുത്തത് കഴിഞ്ഞ രണ്ടു ദിവസം സർക്കാർ നൽകിയ അവധി ദിവസങ്ങളിൽ വീട്ടിൽ പോലും പോകാതെയാണ് ആശുപത്രിയുടെ മുഖം മിനുക്കുന്ന ജോലി ഏറ്റെടുത്തത്. ജോലി ചെയ്യുന്ന സ്ഥാപനം സ്വന്തം വീടാണെന്ന ചിന്തയിലാണ് ജീവനക്കാർ പ്രവർത്തിക്കേണ്ടതെന്ന് തെളിയിക്കുകയാണ് ഉപ്പുതറ സർക്കാർ ആശുപത്രി ജീവനക്കാർ. രോഗികൾക്ക് വേണ്ട പരിചരണത്തിന് മുടക്കം വരുത്താതെയാണ് ജീവനക്കാർ പ്രവർത്തനങ്ങൾ നടത്തുന്നത്.




ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

# ഡോ. സുനിൽ ഡി ചുമതലയേറ്റു



തിരുവനന്തപുരം: വൈദ്യശാസ്ത്ര രംഗത്തും ആരോഗ്യ ഭരണ സംവിധാനത്തിലും ശ്രദ്ധേയമായ സേവനങ്ങൾ കാഴ്ചവച്ച വ്യക്തിയാണ് ഡോ. സുനിൽ. ന്യൂറോ സയൻസസ് മേഖലയിലെ വിദഗ്ധനായ അദ്ദേഹം ചികിത്സ, മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ആശുപത്രി ഭരണനിർവഹണം തുടങ്ങിയ മേഖലകളിൽ ദീർഘകാല അനുഭവസമ്പത്തുള്ള ആരോഗ്യ പ്രവർത്തകനാണ്.

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ന്യൂറോളജി വിഭാഗം തലവനായി പ്രവർത്തിച്ച അദ്ദേഹം ആരോഗ്യ സേവനങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

കേരളത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ മികവിലേക്ക് നയിക്കാൻ ഡോക്ടറുടെ ആരോഗ്യ മേഖലയിലെ ദീർഘകാല അനുഭവസമ്പത്തും ദീർഘവീക്ഷണവും ആരോഗ്യ വകുപ്പിന് മുതൽക്കൂട്ടാവും.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
രാഹുൽ കൃഷ്ണ ശർമ്മ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ ബി.സി.സി

എഡിറ്റർ
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസിസ്റ്റന്റ് എഡിറ്റർ
ടി സ്മൃതി ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
ജിജിൽ മാത്യു
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

ധാനി പ്രിയൻ
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

വിനു എ
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

വിനീഷ് സി ആർ
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

ആഗ്നൽ ജോസഫ്
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്

ദിവ്യ ഇ ആർ
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

ബിൻസി രവീന്ദ്രൻ
ജെ.സി (ഡി&സി), കണ്ണൂർ

കമൽ കെ ജോസഫ്
ജെ.സി (ഡി&സി), കാസറഗോഡ്

നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്

അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട

അശ്വിനി രവീന്ദ്രൻ
ജെ.സി (ഡി&സി), കൊല്ലം

ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്